വന്നേരി നാട്ടിലെ പപ്പടപ്പെരുമ

ഷൗക്കത്തലീ ഖാൻ



വന്നേരി നാട്ടിലെ പപ്പടപ്പെരുമ

ഷൗക്കത്തലീ ഖാൻ
(മലയാളം: അനുഭവക്കുറിപ്പ്)

© 2026, Shoukathali Khan

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeLaTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Pappadam Eaten in Kerala, a photograph by Ravi Dwivedi. The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

വന്നേരി നാട്ടിലെ
പപ്പടപ്പെരുമ

മലയാളിയുടെ ആഹാരചരിത്രത്തിന്റെ ഇത്തിരി സമൃദ്ധിയുടെ ഇലപ്പുറത്തെ ഞെട്ടില്ലാത്ത വട്ടയിലയാണ് പപ്പടം... കേരളത്തിന്റെ ജാതിവ്യവസ്ഥയിൽ പപ്പടവും പപ്പടത്തൊഴിലാളികളും എങ്ങനെയാണ് കയറിപ്പറ്റിയത് എന്ന് ലന്തൻ ബത്തേരിയിലെ ലുത്തിയിനകൾ എന്ന നോവലിൽ എൻ. എസ്. മാധവൻ പറയുന്നു. "ഞാൻ ജന്മനാ കൊങ്ങിണിയല്ലേ നിങ്ങള് സ്കൂളിലും ഉത്സവപറമ്പിലും നാടകം കളിച്ച് തിരുമൽ ദേവാന്നും പണ്ടാരമടങ്ങാനും എന്നൊക്കെ പറയിപ്പിച്ച് കൊങ്ങിണിയെ ഒരു ചിരിപ്പിക്കുന്ന പരദേശി ആക്കിയില്ലേ, ഒരു നിർദോഷി. ഗോവയിലെ ക്രിസ്ത്യൻ നവോത്ഥാന ശ്രമങ്ങൾ പോർച്ചുഗീസുകാരെ ആട്ടിയോടിച്ചു. മതദ്രോഹവിചാരണ. മറ്റ മതങ്ങളെയും വെറുതെ വിട്ടില്ല. കൊച്ചിയിലേക്ക് ഗോവയിൽ നിന്നും പണക്കാരായ കൊങ്ങിണി ബ്രാഹ്മണന്മാർ ചെട്ടികൾ—ഒളിച്ചോടി. ഗോവ അസ്തമിച്ചു. കൊച്ചിയും മക്കാവും പോർച്ചുഗീസ് സാമ്രാജ്യത്തിന്റെ പ്രമുഖ നഗരങ്ങളായി. ഗോവയിൽ നിന്നും ഓടിവന്നവരുടെ കൂട്ടത്തിൽ നിർധനരായ കൊങ്ങിണികൾ പപ്പടസ്വാദ് അറിയിച്ചു. പിന്നെ പപ്പടമുണ്ടാക്കുന്ന തൊഴിലുമായി അവർ കൊച്ചിയിലെ ജാതി വ്യവസ്ഥയിൽ കയറിപ്പറ്റി."

പപ്പടം വൃത്തിയുള്ള വട്ടമായി കടിലിലും കൊട്ടാരത്തിലും പുതുരുചികളിലും പൊള്ളച്ച് പെരുമയോടെ മലയാളിത്തത്തെ കമ്പിട്ട് ഇപ്പോഴും വണങ്ങി നിൽക്കുന്നു. പപ്പടമില്ലാത്ത ഒരു നേരത്തെ ഊണ് മുണ്ടുടുക്കുന്ന മലയാളിയുടെയും മുല്ലപ്പൂ ചൂടുന്ന മലയാളി മങ്കയുടെയും കേരളീയമായ പ്രഥമ ദൃഷ്ടാന്തങ്ങളിൽ ഒന്നല്ല ഒന്നാമത്തേതുകൂടിയാണ്. ഭാഷയും സംസ്കാരവും ജനതതന്നെയും വ്യക്തിത്വമില്ലാത്ത തലയില്ലാത്ത വെറും ഉടലുകളായി പരസ്യകമ്പോളത്തിന്റെ ചൂണ്ടയാകുമ്പോഴും മലയാളിയുടെ അരമുറിത്തേങ്ങയുടെ നിലാമുറ്റത്ത് അമ്പിളിവട്ടത്തിൽ ഒരു പപ്പടം ചിരിതൂകി നമ്മെ കാത്ത് ഏതു പാതിരാത്രിയിലും ഉറക്കമൊഴിച്ച് കാത്തിരിപ്പുണ്ടാകും. ഭാഷാന്തരീകരണത്തിന് പിടിതരാതെ മലയാളീസ്വത്വത്തെയും കേരളീയതയെയും നെഞ്ചിൽ ചേർത്ത് പപ്പട് എന്ന പപ്പടം ഡിക്ഷ്ണറികളിലും ഈ ഭാഷയെ ആത്മാഭിമാനത്തോടെ ഉയർത്തിക്കാട്ടുന്നു. പപ്പടം നമ്മുടെ ഭക്ഷണരീതികളുടെ പരമ്പരാഗത ഇലവട്ടത്തിലെ പൊള്ളയായ ഒരു യാഥാർഥ്യമാണ്. തൊട്ടാൽ പൊട്ടുന്ന ഈ പൊടിമൂപ്പൻ ആഗോളവത്കരണാനന്തരമുള്ള തന്റെ മൃദുമേനിയുമായി പുതുകാലമനസ്സിന്റെ പ്രതീകമായി നിലകൊള്ളുന്നു. പരിണാമത്തിന്റെ അനന്തസ്യൂത പ്രയാണത്തിൽ ഹോമോ സാപ്പിയൻ എന്ന ഇരുകാലിയിൽ നിന്നും വർഷങ്ങളുടെ കത്തിയൊഴുക്കിലൂടെ വിർച്വൽ റിയാലിറ്റിയിലൂടെയും ഇൻർനെറ്റ് കിസ്സകൾക്കമിടയിൽ അഭിരമിക്കുന്ന മനുഷ്യന് കൈമോശം വന്നിരിക്കുന്നത് ദൃഢതയുള്ള അവന്റെ മനസ്സാണ്. മനസ്സിന്റെ ദൗർബ്ബല്ല്യമാണ് മലയാളി നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി.

പപ്പടത്തിന്റെ ദുർബലമേനി പുതുവായനകളായി കാർഷിക തകർച്ചയുടെ തിളച്ച വെളിച്ചെണ്ണയിൽ വീർത്ത് വീർത്ത് പൊള്ളച്ച് ഏതൊക്കെയോ പടല്ലിട്ടകളിൽ അരഞ്ഞ് മണ്ണോട്ട ചേരുകയാണ്. ഏതു തിളച്ചമറിയലിനെയും പ്രതിരോധിച്ച് ഒരു പപ്പടവടയാകാൻ നമ്മുടെ മനസ്സുകൾക്ക് എന്ന കഴിയും?

ചില ദേശക്കാർ ചില പ്രത്യേക തൊഴിൽ മേഖലകളിൽ വിദഗ്ധരാണ്. തലശ്ശേരിക്കാരുടെ ഹോട്ടലുകൾ, കോഴിക്കോടിന്റെ ഹൽവയും, ബിരിയാണിയും ആറന്മുള കണ്ണാടി, കാവാലം ചുണ്ടൻ വള്ളങ്ങൾ. സാഹിത്യത്തിനും സംസ്കാരത്തിനും പേരുകേട്ട വന്നേരിനാട് രേഖപ്പെടുത്തിയ സാംസ്കാരിക മുദ്രകളിലൂടെയും ചരിത്രമുഹൂർത്തങ്ങളിലൂടെയും കേരളീയ സമൂഹത്തിൽ ഇടംനേടിയിട്ടുണ്ട്. എംആർബിയും പ്രേംജിയും നമ്പൂതിരിയെ മനുഷ്യനാക്കാൻ ഇറങ്ങിത്തിരിച്ച സാമൂഹ്യപരിഷ്കർത്താക്കളാണെങ്കിൽ നാലപ്പാട്ടെ നാരായണമേനോനും, ബാലാമണിയമ്മയും, മാധവിക്കുട്ടിയും സാഹിത്യത്തിലും, ചിത്രകലയിൽ കെ. സി. എസ്. പണിക്കരും വന്നേരിയുടെ സാംസ്കാരികപാരമ്പര്യത്തിന്റെ പതാക ഏന്തിയവരാണ്. ഉമർഖാസിയും, സയ്യിദ് സനാഉള്ള മക്തി തങ്ങളും മുസ്ലിം നവോത്ഥാനത്തിന്റെ പതാകവാഹരും. ഇവർക്കൊക്കെ ചരിത്രത്തിന്റെ കയ്യൊപ്പുണ്ട്. എന്നാൽ ചരിത്രത്തിലൊന്നമില്ലാത്ത പ്രാന്തവത്കൃതരുടെ രേഖപ്പെടുത്താതെ പോയ ഒരു സംസ്കാരിക തൊഴിൽഭൂമിക വന്നേരിനാട്ടിൽ അലഞ്ഞുകിടപ്പുണ്ട്. കേരളത്തിന്റെ എല്ലായിടങ്ങളിലും പപ്പടത്തൊഴിലാളികൾ വന്നേരിനാട്ടുകാരാണ്. മാറഞ്ചേരിക്കാരനോ ഒരു പുന്നയൂർക്കുളത്തുകാരനോ ആണ്. ഇത് ഒറ്റപ്പെട്ട സംഭവമല്ല. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നാനാവിധസംസ്ഥാനങ്ങളിൽ വിദേശരാജ്യങ്ങളിൽ മലയാളി നിലനിൽപിനായി ഈരം വേരും ഉപേക്ഷിച്ച് പ്രവാസത്തിന്റെ വിരഹക്കനി തിന്ന് നരച്ച കടച്ചൂടി താവളമുറപ്പിച്ച ഇടങ്ങളിലെല്ലാം അവന്റെ രസനകളെ താലോലിക്കാനം പൊടിപടലങ്ങളുടെ വരണ്ടകാറ്റമായി പപ്പടത്തിന്റെ രസതന്ത്രവും പേറി അലഞ്ഞു നടന്ന ഫക്കീറന്മാരിൽ ഏറെയും വന്നേരിയിലെ കാറ്റവീഴ്ച ബാധിച്ച തെങ്ങുകളായിരുന്നു. പ്രവാസത്തിന്റെ കട ചൂടിപ്പോയ പപ്പടത്തൊഴിലാളികളുടെ ചരിത്രം ഗൾഫ് കടിയേറ്റത്തിന്റെ സൗരഭ്യഭാരത്തിലും നമ്മുടെ നാട്ടിൽ ഈറോട്ട പൊടിയുടെ മൃദു മേനിയോടൊപ്പം തീരെ ദുർബലമല്ലാത്ത ഒരു സമാന്തര സമ്പദ്വ്യവസ്ഥയും സൃഷ്ടിച്ചിട്ടുണ്ട്. നാം കടിയേറിയ ഇടങ്ങളിൽ നമ്മുടെ ഇഷ്ടവിഭവമായ പപ്പടവും അനാർഭാടം യാത്രയായി. അവ നെയ്യെടുക്കാനായി പപ്പടത്തൊഴിലാളികളും.

കേരളത്തിൽ നിന്നും ഗൾഫ് കടിയേറ്റം ആരംഭിച്ച എഴുപതുകളിൽ എൻഒസിയും കൈയ്യിലേന്തി. മുംബൈ മഹാ നഗരത്തിലെത്തുന്നവർക്ക് താങ്ങും തണലുമായിരുന്നു മുഹമ്മദാലി റോഡിൽ സീനത്ത് പപ്പടകമ്പനി നടത്തിയിരുന്ന വന്നേരിക്കാൻ എരമംഗലം ചപ്പയിൽ കഞ്ഞെദ്രുവായിരുന്നു. കള്ളലോഞ്ചിൽ മുംബായിൽ നിന്നും അറേബ്യൻ ഗൾഫിലേക്ക് ജബൽദാനവഴി കടിയേറാൻ ഒരുങ്ങുന്നവരും കഞ്ഞെദ്രുവിന്റെ വിരുന്നുകാരായി ആ ലാവണത്തിൽ അന്തിയുറങ്ങിയിട്ടാണ് ഇരുട്ടൊങ്ങുന്ന ലോഞ്ചകളിലേക്ക് ധ്യാനസ്ഥരായി ഇറങ്ങുന്നത്.

1960-കളോടെ ജന്മിത്വത്തിന്റെയും ജാതി വ്യവസ്ഥയുടെയും അന്ത്യകണ്ട കേരളീയ സമൂഹത്തിന മുന്നിൽ തൊഴിലില്ലായ്മ ഒരു വലിയ ശാപമായി മാറിയപ്പോൾ ഭൂപരിഷ്കരണം സമ്മാനിച്ച 10 സെന്റിന്റെ പട്ടയമൂലധനവും മനസ്സിലെ അടങ്ങാത്ത ജീവിതാവേശവും കേരളത്തിൽ നിന്നും അവനെ പുറത്ത് പോകാൻ പ്രേരിപ്പിച്ചു. യാഥാർഥ്യങ്ങളുടെ കടുപ്പമേറിയ കാരം രുചിച്ചവർ കൂട്ടരോടൊപ്പം അരുചിതമുള്ള ഒരു ജീവിതം കെട്ടിപ്പടുക്കാൻ പപ്പടനിർമ്മാണത്തിന്റെ ഉരുട്ടവിദ്യയുമായി കോലം പലകയുമേന്തി എങ്ങോട്ടൊക്കെയോ യാത്രയായി. മുംബൈയിലും, ഹൈദരാബാദിലും മദിരാശിയിലും ഗൾഫ് നാട്ടുകളിലും വന്നേരിനാട് നവസൌരഭ്യങ്ങൾക്ക് കറുകെ കട്ടപൊടിയുടെയും ഉഴുന്നമാവിന്റെയും ചാക്കു കെട്ടഴിച്ചു. മന്തിനോട്ടം കല്ലിനോട്ടം പഞ്ചപിടിച്ച് വെയിലിന്റെ വരണ്ട ഭൂതലങ്ങളില്ലടെ പപ്പടത്തിന്റെ കവിത രചിക്കാൻ തുടങ്ങി.

ഒരു നേരത്തെ അമേരിക്കൻ ഉപ്പുമാവിനു വേണ്ടി മാത്രം ഉസ്കൂളിൽപോയിരുന്നവരിൽ പലരും നാലാം ക്ലാസ്സിലും ആറാം ക്ലാസ്സിലും പഠനമുപേക്ഷിച്ച് വെയിലിലിറങ്ങി. കൊട്ടൻ വെയിലിന്റെ ഉഷ്ണജ്വാല ഉരുകുന്ന ഉച്ചകളിൽ പപ്പടം ഉണക്കാനായിരുന്നു. ഭക്ഷണം അമൂല്യമായിരുന്നവരുടെയും ഉച്ചകഞ്ഞിയും പുളകിഴങ്ങും ഉടമുണ്ടുമുറുക്കിയ ബാല്യങ്ങളുടെ കഞ്ഞിളംകൈകളിൽ അഞ്ചിന്റെയും പത്തിന്റെയും നോട്ടുകൾ പൊട്ടിച്ചിരിച്ചു. അറമുഖൻ, രാജൻ, ബാലൻ, മാമദ്, സുലൈമാൻ... കുറ്റിപ്പുറത്ത് നിന്നും രാജ്യത്തിന്റെ തെക്കോട്ടും വടക്കോട്ടും നീണ്ട റെയിൽപാളങ്ങളിലൂടെ മുംബൈ മജകൾ കണ്ടും മദിരാശി പൂക്കൾ മണത്തും പപ്പടമുണ്ടാക്കി. 1970-കളിലും 80-കളിലും കുറേയേറെ ബാല്യങ്ങൾ പപ്പടത്തിന്റെ ലോകത്തേക്ക് എടുത്തെറിയപ്പെട്ടിട്ടുണ്ട്.

അന്നൊന്നും കോളേജുകളിൽ ഇത്രയധികം സ്വാശ്രയ പേമം സൃഷ്ടിക്കപ്പെട്ടിരുന്നില്ല. ഐ ടി ലോകത്തിന്റെ മാന്ത്രിക വാതായനങ്ങളോ മൊബൈൽ ഫോണിന്റെ ഫൈവ്ജി ദൃശ്യതയാൽ ആയുസ്സ് മുഴവൻ സംസാരിക്കാവുന്ന പോസ്റ്റ്പെയ്ഡ് കാർഡുകളോ വൈഫൈ സമൃദ്ധിയോ നിറഞ്ഞിരുന്നില്ല. ഇത്രയധികം വർത്തമാന പത്രങ്ങളും സോഷ്യൽ മീഡിയകളും ചാനലുകളും പരത്തുന്ന പരദൂഷണ അപവാദ വ്യവസായങ്ങളും നാടിനെ മലിനമാക്കിയിരുന്നില്ല. ബേക്കറികളില്ലും ജിംനേഷ്യങ്ങളും കോഴിക്കച്ചവടവും പെരുകിയിരുന്നില്ല. അയൽപക്കസൌഹൃദങ്ങളും കൂട്ടായ്മകളിലൂടെ രൂപം കൊണ്ടിരുന്ന കല്യാണ ശ്രമങ്ങൾ കേറ്ററിംങ് സർവ്വീസിന്റെ കച്ചവട പരിധിയിലേക്ക് വഴി മാറിയിരുന്നില്ല. ചട്ടപപ്പടവും കഞ്ഞിയും ചമ്മന്തിയും ആയിരുന്നെങ്കിലും... മതിലുകളും ഗെയിറ്റുകളും അപരിചിതരായ പരിചിതരും ഇത്ര പെരുകിയിരുന്നില്ല. ഇടവഴികളും നാട്ടു മാവുകളും ചിരിച്ചിരുന്ന ഒരു കാലം

ഇന്ത്യയിൽ, പ്രത്യേകിച്ച് കേരളത്തിൽ വന്നേരി നാട്ടുകാർ സൃഷ്ടിച്ചെടുത്ത ഗുരുവായൂർ പപ്പടം പേരും പെരുമയും നേടിയിരുന്നു. പപ്പട നിർമ്മാണം ഒരു പാട്ട് അപനിർമ്മാണത്തിലൂടെ രൂപാന്തരത്വം പ്രാപിക്കുന്ന നിർമ്മാണ മേഖലയാണ്. യന്ത്രവത്കരണം വന്നിട്ടും മനുഷ്യരുടെ കരസ്പർശത്തിലൂടെ രൂപപ്പെടുന്ന പപ്പടത്തിന്റെ വൃത്തിയും വെടിപ്പും രൂപഭദ്രതയും ഇനിയും യന്ത്രങ്ങൾക്ക് പ്രദാനം ചെയ്യാൻ ആയിട്ടില്ല.

പപ്പടം വളരെ നിർണ്ണായകമായ ഒരു രാഷ്ട്രീയം മുന്നോട്ടു വെക്കുന്നുണ്ട്. അതു സംഘടിത തൊഴിലാളിയുടെ അവകാശബോധ രാഷ്ട്രീയമോ സ്ഥിതിസമത്വത്തിന്റെ സോഷ്യലിസ്റ്റ് രാഷ്ട്രീയമോ അല്ല. ആഗോളവത്കരണത്തിന്റെ പുതു രുചികൾക്കായി നമ്മുടെ നാവുമരങ്ങളെ നിശ്ശബ്ദമാക്കി ഒരു മൌനരാഷ്ട്രീയത്തിന്റെ മുഴക്കം പെരുകമ്പോളും വർണങ്ങളിൽ പലപല ഭാവങ്ങളിൽ അധിനിവേശത്തിന്റെ പോളകൾ ന്യൂഡിൽസായും കെന്റക്കി ഫ്രൈഡ് ചിക്കനായും നമ്മുടെ പരമ്പരാഗത രുചികളെ അട്ടിമറിക്കുമ്പോഴും പപ്പടം ഉയർത്തുന്ന കേരളീയമായ ചെറുത്തുനിൽപ്പ് പ്രധാനമാണ്. മലയാളിയുടെ തനത് മുദ്രയായി പപ്പടം തുടരേണ്ടതുണ്ട്. അസംഘടിതത്വവും നിശ്ശബ്ദവുമായ ഈ തൊഴിൽ മേഖലയിൽ കേരളീതയുടെ സ്വത്വം പൊള്ളച്ചു നിൽക്കുന്നുണ്ട്. ആ തെളിച്ച കേരളീയതത്തിൽ അടിമുടി പൂത്തുലഞ്ഞ് പപ്പടം പുളകമണിയട്ടെ. മലയാളത്തോടൊപ്പവും മുണ്ടിനോടൊപ്പവും തിളക്കുന്ന വെളിച്ചെണ്ണയിൽ പപ്പടം വളരേണ്ടതുണ്ട്. എല്ലാ കാലങ്ങളിലും നമ്മുടെ ലളിത സമൃദ്ധിയുടെ ഇലപ്പുറത്ത് പപ്പടം ചിരി തുടരട്ടെ...

തിളച്ച മറിഞ്ഞ്
തീവ്രാവേശം
തിരതള്ളന്നൊരാ
സ്നേഹച്ചട്ടിലേക്ക്...
അടി മുടി പൂത്തുലഞ്ഞ്
വ്രീളാ വിവശം
മുക്കിപ്പൊരിച്ചെടുത്തിട്ടാണ്
ആർക്കമെല്ലപ്പത്തിൽ
പൊട്ടിച്ച് ചവച്ചരയ്ക്കാവുന്ന
ഉള്ളം പൊള്ളിയ
പൊള്ളകളുണ്ടാകുന്നത്

ഷൗക്കത്തലീ ഖാൻ



പൊന്നാനിയിലെ എരമംഗലം സ്വദേശി. എരമംഗലത്തെ എൽ. പി., യു. പി. സ്കൂളുകൾ പൊന്നാനി എ. വി. ഹൈസ്കൂൾ കോഴിക്കോട്ട് ഫാറൂഖ് കോളേജ് എന്നിവിടങ്ങളിൽ പഠനം. ആനുകാലികങ്ങളിൽ എഴുതുന്ന 5 പുസ്തകങ്ങൾ. ആസുരനക്രങ്ങൾ, പൊത്ത് (കവിത സമാഹാരങ്ങൾ) വന്നേരിയുടെ വഴിയടയാളങ്ങൾ, (ചരിത്രം) കാഞ്ഞിരവും കാരമുൾക്കാട്ടം (ഓർമ്മ) കണ്ടാരി (നോവെല്ല) എന്നിങ്ങനെ. തിരൂരിലെ എസ്. എസ്. എം. പോളിയിൽ ജീവനം.

ഭാര്യ: ആരിഫ

കുട്ടികൾ: മുബഷിറ, സ്വാതി, ആയിഷ സന.

എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുക

ഈ കൃതി കൊള്ളാമെന്ന് തോന്നിയാൽ ചുവടെ ചേർത്തിട്ടുള്ള ക്യൂ ആർ കോഡ് വഴി വഴി ഗ്രന്ഥകർത്താവിന്റെ അക്കൗണ്ടിലേക്ക് പത്തു രൂപ മുതൽ എത്ര തുകയും നേരിട്ട് അയച്ചുകൊടുക്കാവുന്നതാണ്. ഇതിലൂടെ സ്വതന്ത്ര പ്രകാശനത്തിലേയ്ക്ക് കൂടുതൽ എഴുത്തുകാരെ ആകർഷിക്കുക. എഴുത്തുകാർക്ക് ഇടനിലക്കാരില്ലാതെ നേരിട്ട് സാമ്പത്തിക സഹായം നൽകി അറിവ് സ്വതന്ത്രമാക്കാൻ സഹായിക്കുക.



Download QR Code

കൂടുതൽ വിവരങ്ങൾ അടുത്ത താളിൽ (പിൻകുറിപ്പിൽ).


പിൻകുറിപ്പ്

സായാഹ്ന എഴുത്തുകാർക്ക് പ്രതിഫലം നല്കുന്നുണ്ടോ എന്നത് പല വായനക്കാരും എഴുത്തുകാരും നിരന്തരം അന്വേഷിക്കുന്ന കാര്യമാണ്. ഇല്ല. ഒരു സ്വതന്ത്ര പ്രസാധന സംരംഭം എന്ന നിലയ്ക്ക് അതിനു കഴിയില്ല, അതു ശരിയുമല്ല എന്നാണ് സായാഹ്ന കരുതുന്നത്. എന്നാൽ, ഡിജിറ്റൽ കാലത്ത് നമുക്ക് മറ്റൊരു രീതി അവലംബിക്കാവുന്നതാണ്.

ഒരു കൃതി വായിച്ചുതീരുമ്പോൾ അതു കൊള്ളാമെന്നും ഇതെഴുതിയ ആൾക്ക് എന്തെങ്കിലും പ്രതിഫലം നല്കേണമെന്നും തോന്നിയാൽ അതേ കൃതിയിൽ കാണുന്ന ലിങ്ക് വഴി ഗ്രന്ഥകർത്താവിന്റെ അക്കൗണ്ടിലേക്ക് പത്തു രൂപ മുതൽ എത്ര തുകയും നേരിട്ട് അയച്ചുകൊടുക്കാവുന്നതാണ്.

പകർപ്പവകാശം കഴിഞ്ഞ കൃതികളെ സംബന്ധിച്ച് ഈ തുക സായാഹ്നയുടെ അക്കൗണ്ടിലേക്കായിരിക്കും എത്തുക. അത് കൂടുതൽ കൃതികളുടെ ഡിജിറ്റൈസേഷന് വേണ്ടിയായിരിക്കും ചെലവഴിക്കുക.

കൃതിയോടൊപ്പമുള്ള ക്യു. ആർ. കോഡ് സ്കാൻ ചെയ്താൽ ഗ്രഗ്ൾ പേ, ഭീംആപ്, തുടങ്ങിയ യുപിഐ ആപ്പുകൾ വഴി ഇഷ്ടാനുസരണം ഗ്രന്ഥകർത്താവിന് നേരിട്ട് പണം അയക്കാവുന്നതാണ്.



അതേ ഫോണിൽ നിന്നുതന്നെയാണ് പണം അയക്കേണ്ടതെങ്കിൽ ക്യുആർകോഡിന്റെ സ്ക്രീൻഷോട്ടെടുത്ത് ഫോണിന്റെ ഗാലറിയിൽ ആണോ അത് സൂക്ഷിച്ചിരിക്കുന്നതെന്ന് ഉറപ്പുവരുത്തുക. ഗ്രഗ്ൾ പേ ആപ്പിൽ Scan any QR code എന്ന ഐക്കണിൽ അമർത്തിയാൽ ക്യുആർ കോഡ് സ്കാൻ ചെയ്യാനുള്ള സ്ക്രീനിൽ വരുന്നു. അതിന്റെ താഴെ Upload from gallery എന്ന ഐക്കണിൽ തൊട്ട് ഗാലറിയിലുള്ള സ്ക്രീൻഷോട്ട് സെലക്ട് ചെയ്യുക. തുക ടൈപ്പ് ചെയ്ത് സാധാരണ മാതിരി പെയ്മെന്റ് നടത്താം.

സ്ക്രീൻഷോട്ടിനു പകരം ഇതേ കൃതിയോടൊപ്പം കൊടുക്കുന്ന ക്യുആർകോഡിന്റെ ചിത്രം ഡൗൺലോഡ് ചെയ്യുകയും ആവാം.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014